**മധുരമായ കുട്ടികളേ – നിങ്ങൾക്ക് വികർമ്മങ്ങളുടെ ശിക്ഷകളിൽ നിന്നും മുക്തമാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം, ഈ അന്തിമ ജന്മത്തിൽ മുഴുവൻ കണക്കുകളും ഇല്ലാതാക്കി പാവനമായി മാറണം.**

**ചോദ്യം:–** ചതിയനായ മായ ഏതൊരു പ്രതിജ്ഞയെ മുറിക്കാനുള്ള പരിശ്രമമാണ് ചെയ്യുന്നത്?
**ഉത്തരം:–** നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുണ്ട്– ഒരു ദേഹധാരിയിലും ഞങ്ങൾ മനസ്സുവെയ്ക്കില്ല. ആത്മാവ് പറയുന്നു ഞാൻ ഒരു ബാബയെ മാത്രമേ ഓർമ്മിക്കു, തന്റെ ദേഹത്തെപ്പോലും ഓർമ്മിക്കില്ല. ബാബ, ദേഹസഹിതം എല്ലാത്തിന്റേയും സന്യാസം ചെയ്യിക്കുന്നു. എന്നാൽ മായ ഈ പ്രതിജ്ഞയെയാണ് മുറിക്കുന്നത്. ദേഹത്തോട് ആകർഷണം ഉണ്ടാകുന്നു. ആരാണോ പ്രതിജ്ഞ ലംഘിക്കുന്നത് അവർക്ക് വളരെയധികം ശിക്ഷകളും അനുഭവിക്കേണ്ടിവരും.

**ഗീതം:–** അങ്ങുതന്നെയാണ് മാതാവും, പിതാവും അങ്ങുതന്നെയാണ്...

**ഓം ശാന്തി**. ഉയർന്നതിലും ഉയർന്ന ഭഗവാന്റെ മഹിമയും ചെയ്യുന്നു പിന്നീട് ഗ്ലാനിയും ചെയ്യുന്നു. ഇപ്പോൾ ഉയർന്നതിലും ഉയർന്ന ബാബ സ്വയം വന്ന് പരിചയം നൽകുന്നു പിന്നീട് രാവണ രാജ്യം ആരംഭിക്കുമ്പോഴാണ് തന്റെ വലിപ്പം കാണിക്കുന്നത്. ഭക്തിമാർഗ്ഗത്തിൽ ഭക്തിയുടെ രാജ്യമാണ് അതിനാലാണ് രാവണ രാജ്യം എന്നു പറയുന്നത്. അത് രാമരാജ്യം, ഇത് രാവണരാജ്യം. രാമനേയും, രാവണനേയും താരതമ്യം ചെയ്യുന്നു. ബാക്കി ആ രാമൻ ത്രേതായുഗത്തിലെ രാജാവാണ്, അവരെക്കുറിച്ചല്ല ഈ പറയുന്നത്. രാവണനാണ് അരകൽപത്തിലെ രാജാവ്. രാമൻ അരകൽപത്തിലെ രാജാവല്ല. ഇത് വിശദമായി മനസ്സിലാക്കേണ്ട കാര്യമാണ്. ബാക്കിയെല്ലാം  സഹജമായി മനസ്സിലാക്കുന്നതിനുള്ള കാര്യങ്ങളാണ്. നമ്മൾ എല്ലാവരും സഹോദരങ്ങളാണ്. നാം എല്ലാവരുടേയും പിതാവ് ഒരേയൊരു നിരാകാരനാണ്. ബാബ്ക്കറിയാം ഈ സമയത്ത് എന്റെ എല്ലാ മക്കളും രാവണന്റെ ജയിലിലാണ്. കാമചിതയിൽ ഇരുന്ന് എല്ലാവരും കറുത്തിരിക്കുന്നു. ഇത് ബാബക്ക്റിയാം. ആത്മാവിൽ തന്നെയല്ലേ മുഴുവൻ ജ്ഞാനവും ഉള്ളത്. ഇതിലും ഏറ്റവും കൂടുതൽ മഹത്വം നൽകേണ്ടത് ആത്മാവിനേയും പരമാത്മാവിനേയും തിരിച്ചറിയുന്നതിനാണ്. ഇത്രയും ചെറിയ ആത്മാവിൽ എത്ര പാർട്ട് അടങ്ങിയിരിക്കുന്നു അത് അഭിനയിച്ചുകൊണ്ടേയിരിക്കുന്നു. ദേഹാഭിമാനത്തിൽ വന്ന് പാർട്ട് അഭിനയിക്കുകയാണെങ്കിൽ സ്വധർമ്മത്തെ മറന്നുപോകുന്നു. ഇപ്പോൾ ബാബ വന്ന് ആത്മാഭിമാനിയാക്കി മാറ്റുന്നു എന്തുകൊണ്ടെന്നാൽ ആത്മാവുതന്നെയാണ് എനിക്ക് പാവനമായി മാറണം എന്ന് പറയുന്നത്. അതിനാൽ ബാബ പറയുന്നു, എന്നെ മാത്രം ഓർമ്മിക്കു. ആത്മാവ് വിളിക്കുന്നുണ്ട്, അല്ലയോ പരമപിതാവേ, അല്ലയോ പതിതപാവനാ, ഞങ്ങൾ ആത്മാക്കൾ പതിതമായിരിക്കുന്നു, വന്ന് ഞങ്ങളെ പാവനമാക്കി മാറ്റിയാലും.... സംസ്ക്കാരം എല്ലാ ആത്മാക്കളിലും ഉണ്ടല്ലോ. ഞാൻ പതിതമായി എന്ന് ആത്മാവ് വ്യക്തമായി പറയുന്നു. ആരാണോ വികാരത്തിലേയ്ക്ക് പോകുന്നത് അവരെയാണ് പതിതം എന്നു പറയുന്നത്. പതിതരായ മനുഷ്യർ, പാവനമായ ദേവതകളുടെ ക്ഷേത്രങ്ങളിൽ ചെന്ന് അവരുടെ മുന്നിൽ മഹിമ പാടുന്നു. ബാബ മനസ്സിലാക്കിത്തരുന്നു, കുട്ടികളേ നിങ്ങൾ തന്നെയായിരുന്നു പൂജ്യരായ ദേവതകൾ. 84 ജന്മങ്ങൾ എടുത്തെടുത്ത് തീർച്ചയായും താഴേയ്ക്ക് ഇറങ്ങേണ്ടിവരും. പാവനത്തിൽ നിന്നും പതിതവും, പതിതത്തിൽ നിന്നും പാവനവുമാകുന്നതിനുള്ള കളിയാണിത്. മുഴുവൻ ജ്ഞാനവും ബാബ വന്ന് സൂചനകളിലൂടെ മനസ്സിലാക്കിത്തരുന്നു. ഇപ്പോൾ എല്ലാവരുടേയും അന്തിമ ജന്മമാണ്. എല്ലാവർക്കും കണക്കു വഴക്കുകൾ അവസാനിപ്പിച്ച് തിരിച്ചുപോകണം. ബാബ സാക്ഷാത്ക്കാരം ചെയ്യിക്കുന്നു. പതിതർക്ക് തന്റെ വികർമ്മങ്ങളുടെ ശിക്ഷ തീർച്ചയായും അനുഭവിക്കേണ്ടിവരും. അവസാനം ഏതെങ്കിലും ജന്മം നൽകിയാണ് ശിക്ഷ നൽകുക. മനുഷ്യ ശരീരത്തിൽ ഇരുന്നുതന്നെയാണ് ശിക്ഷകൾ അനുഭവിക്കേണ്ടി വരിക.ശിക്ഷകൾ അനുഭവിക്കാനായി  തീർച്ചയായും ശരീരം എടുക്കേണ്ടിവരും. ഞാൻ ശിക്ഷ അനുഭവിക്കുകയാണ് എന്ന് ആത്മാവിന് അനുഭവമാകും. എങ്ങനെയാണോ കാശി കൽവെട്ടിൽ ബലിയാകുമ്പോൾ ശിക്ഷകൾ അനുഭവിക്കുന്നത്, ചെയ്ത പാപങ്ങളുടെ സാക്ഷാത്ക്കാരമുണ്ടാകും. അപ്പോഴാണ് പറയുന്നത്, ക്ഷമിക്കണേ ഭഗവാനേ, ഞങ്ങൾ വീണ്ടും ഇങ്ങനെ ചെയ്യില്ല. സാക്ഷാത്ക്കാരമുണ്ടാകുമ്പോഴാണ് ക്ഷമ യാചിക്കുന്നത്. അനുഭവമാകുന്നു, ദുഃഖം അനുഭവിക്കുന്നു. ഏറ്റവും കൂടുതൽ മഹത്വം ആത്മാവിനും, പരമാത്മാവിനുമാണ്. ഇക്കാര്യം മറ്റാർക്കുമറിയില്ല. ആത്മാവുതന്നെയാണ് 84 ജന്മങ്ങൾ എടുക്കുന്നത്. അപ്പോൾ ആത്മാവ് വളരെ ശക്തിശാലിയായില്ലേ. മുഴുവൻ ഡ്രാമയിലും മഹത്വമുള്ളത് ആത്മാവിനും ,പരമാത്മാവിനുമാണ്. ഇത് മറ്റാർക്കുമറിയില്ല.  ആത്മാവ് എന്താണ്, പരമാത്മാവ് ആരാണ് എന്ന്. ഒരു മനുഷ്യനുപോലും അറിയില്ല .ഡ്രാമയനുസരിച്ച് ഇതും സംഭവിക്കേണ്ട

താണ്. നിങ്ങൾ കുട്ടികൾക്കും ജ്ഞാനമുണ്ട് ഇത് പുതിയ കാര്യമൊന്നുമല്ല, കൽപം മുമ്പും ഇതു സംഭവിച്ചിട്ടുണ്ട്. ജ്ഞാനം, ഭക്തി, വൈരാഗ്യം എന്ന് പറയാറുണ്ട്. എന്നാൽ അർത്ഥം മനസ്സിലാക്കുന്നില്ല. ബാബ ഒരുപാട് സന്യാസിമാരോടൊപ്പം ജീവിച്ചിട്ടുണ്ട്, അവർ കേവലം പേര് പറയുന്നു എന്നുമാത്രം. ഇപ്പോൾ നിങ്ങൾ കുട്ടികൾ നല്ലരീതിയിൽ മനസ്സിലാക്കുന്നുണ്ട് അതായത് നമ്മൾ പഴയ ലോകത്തിൽ നിന്നും പുതിയ ലോകത്തിലേയ്ക്ക് പോവുകയാണ് അപ്പോൾ പഴയലോകത്തോട് തീർച്ചയായും വൈരാഗ്യം ഉണ്ടാകണം. ഇതിൽ എന്തുമനസ്സ് വെയ്ക്കാനാണ്. നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുണ്ട്– ഒരു ദേഹധാരിയിലും മനസ്സ് വെക്കില്ല. ആത്മാവ് പറയുന്നു ഞാൻ ഒരു ബാബയെ മാത്രം ഓർമ്മിക്കും. തന്റെ ദേഹത്തെപ്പോലും ഓർമ്മിക്കില്ല. ബാബ ദേഹസഹിതം എല്ലാം സന്യാസം ചെയ്യിക്കുന്നു. പിന്നീട് മറ്റുള്ളവരുടെ ദേഹത്തോട് എന്ത് സ്നേഹം വെക്കാനാണ്. ആരോടെങ്കിലും സ്നേഹം വെച്ചാൽ അവരുടെ ഓർമ്മ വന്നുകൊണ്ടിരിക്കും. പിന്നെ ഈശ്വരനെ ഓർമ്മവരില്ല. പ്രതിജ്ഞയെ ലംഘിച്ചാൽ പിന്നീട് ശിക്ഷകളും ഒരുപാട് അനുഭവിക്കേണ്ടതായി വരും, പദവിയും ഭ്രഷ്ടമാകും അതിനാൽ എത്ര സാധിക്കുമോ അത്രയും ബാബയെ മാത്രം ഓർമ്മിക്കണം. മായ വളരെ വലിയ ചതിയനാണ്. ഏത് സാഹചര്യമായാലും മായയിൽ നിന്നും സ്വയം രക്ഷിക്കണം. ദേഹാഭിമാനത്തിന്റെ കടുത്ത അസുഖമുണ്ട്. ബാബ പറയുന്നു ഇപ്പോൾ ദേഹീ അഭിമാനിയായി മാറൂ. ബാബയെ ഓർമ്മിക്കൂ എങ്കിൽ ദേഹാഭിമാനത്തിന്റെ അസുഖം വിട്ടുമാറും. മുഴുവൻ ദിവസവും ദേഹാഭിമാനത്തിലാണ് ഇരിക്കുന്നത്. ബാബയെ വളരെ വിരളമായേ ഓർമ്മിക്കുന്നുള്ളു. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്, കൈകൾകൊണ്ട് ജോലിചെയ്യണം എന്നാൽ മനസ്സ് ഭഗവാനിലായിരിക്കണം. പ്രിയതമനും പ്രിയതമയും ജോലികൾ ചെയ്തുകൊണ്ടും പരസ്പരം ഓർമ്മിച്ചുകൊണ്ടിരിക്കും അതുപോലെയായിരിക്കണം. ഇപ്പോൾ നിങ്ങൾ ആത്മാക്കൾ പരമാത്മാവിനോട് പ്രീതി വെയ്ക്കണം ബാബയെ മാത്രം ഓർമ്മിക്കണം. നിങ്ങളുടെ ലക്ഷ്യം തന്നെ ദേവീദേവതയായി മാറുക എന്നതാണ്, അതിനായി പുരുഷാർത്ഥം ചെയ്യണം. മായ തീർച്ചയായും ചതിക്കും, സ്വയം അതിൽ നിന്നും രക്ഷപ്പെടണം. ഇല്ലെങ്കിൽ കുടുങ്ങി മരിക്കും പിന്നെ ഗ്ലാനിയും ഉണ്ടാകും, നഷ്ടവും വലുതായിരിക്കും.

നിങ്ങൾ കുട്ടികൾക്ക് അറിയാം, നമ്മൾ ആത്മാക്കൾ ബിന്ദുവാണ്, നമ്മുടെ അച്ഛൻ ബീജരൂപനും ജ്ഞാനസാഗരവുമാണ്. ഇത് വളരെ അത്ഭുതകരമായ കാര്യമാണ്. ആത്മാവ് എന്താണ്, അതിൽ എങ്ങനെയാണ് അവിനാശിയായ പാർട്ട് അടങ്ങിയിരിക്കുന്നത്– ഈ ഗുഹ്യമായ കാര്യങ്ങൾ നല്ല നല്ല കുട്ടികൾപോലും പൂർണ്ണമായി മനസ്സിലാക്കുന്നില്ല. യഥാർത്ഥ രീതിയിൽ സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കു എന്നിട്ട് ബാബയെ ബിന്ദുവിനെപ്പോലെ ഓർമ്മിക്കു, ബാബ ജ്ഞാനസാഗരനാണ്, ബീജരൂപനാണ്... ഇങ്ങനെ മനസ്സിലാക്കി ഓർമ്മിക്കുന്നവർ വളരെ കുറവാണ്. വലിയ ചിന്തകളല്ല, ഇതിൽ വളരെ സൂക്ഷ്മമായ ബുദ്ധി ഉപയോഗിച്ച് കാര്യങ്ങൾ ചെയ്യണം– ഞാൻ ആത്മാവാണ്, നമ്മുടെ ബാബ വന്നിരിക്കുന്നു, ബാബ ബീജരൂപനും, ജ്ഞാനസാഗരനുമാണ്. നമ്മളെ ജ്ഞാനം കേൾപ്പിക്കുകയാണ്. ധാരണയുണ്ടാകുന്നതും ചെറിയ ആത്മാവാകുന്ന എന്നിലാണ്. ഇങ്ങനെ വളരെയധികം പേരുണ്ട് വലിയ രീതിയിൽ പറയുകമാത്രം ചെയ്യും– ആത്മാവും പരമാത്മാവും... എന്നാൽ യഥാർത്ഥരീതിയിൽ ബുദ്ധിയിൽ വരുന്നില്ല. കഴിയുന്നില്ലെങ്കിൽ വലിയ രീതിയിലായാലും ഓർമ്മിക്കൂ. എന്നാൽ ആ യഥാർത്ഥ രീതിയിലുള്ള ഓർമ്മയാണ് കൂടുതൽ ഫലം നൽകുന്നത്. അവർക്ക് അത്രയും ഉയർന്ന പദവി നേടാൻ സാധിക്കില്ല. ഇതിൽ വളരെ അധികം പരിശ്രമമുണ്ട്. ഞാൻ ആത്മാവ് ചെറിയ ഒരു ബിന്ദുവാണ്, ബാബയും ഇത്ര തന്നെ ചെറിയ ബിന്ദുവാണ്, ബാബയിൽ മുഴുവൻ ജ്ഞാനവുമുണ്ട്. ഇതും നിങ്ങൾ ഇവിടെയിരിക്കുമ്പോൾ ബുദ്ധിയിൽ വരുന്നുണ്ട് എന്നാൽ നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും ഈ ചിന്തകൾ ബുദ്ധിയിൽ വരിക, അങ്ങനെ സംഭവിക്കുന്നില്ല. മറന്നുപോകുന്നു. മുഴുവൻ ദിവസവും ഈ ചിന്തകൾ ഉണ്ടാവണം– ഇതാണ് സത്യം സത്യമായ ഓർമ്മ. ഞാൻ എങ്ങനെയാണ് ഓർമ്മിക്കുന്നത് എന്ന സത്യം ആരും പറയുന്നില്ല. ചാർട്ട് തീർച്ചയായും അയക്കുന്നുണ്ട് പക്ഷേ അതിൽ സ്വയം ബിന്ദുവാണെന്ന് മനസ്സിലാക്കി ബിന്ദുവായ ബാബയെ ഓർമ്മിക്കുന്നു എന്ന് എഴുതുന്നില്ല. സത്യതയോടെ മുഴുവനും എഴുതുന്നില്ല. വളരെ നന്നായി മുരളി എടുക്കുന്നുണ്ട് എന്നാൽ യോഗം കുറവാണ്. ദേഹാഭിമാനം കൂടുതലാണ്, ഈ ഗുപ്തമായ കാര്യത്തെ പൂർണ്ണമായും മനസ്സിലാക്കുന്നില്ല, സ്മരിക്കുന്നില്ല. ഓർമ്മയിലൂടെ  പാവനമായി മാറണം. ആദ്യം കർമ്മാതീത അവസ്ഥ വേണമല്ലോ. അവർക്കേ ഉയർന്ന പദവി നേടാൻ സാധിക്കൂ. വിശ്വത്തിന്റെ അധികാരിയായി മാറുക എന്നത് ചിറ്റമ്മയുടെ വീട്ടിൽ പോകുന്നതുപോലെയാണോ. അവർ പോലും അൽപകാലത്തിലെ ലക്ഷ്യം പ്രാപ്തമാക്കാനായി എത്ര പഠിക്കുന്നു. വരുമാനമാർഗ്ഗം ഉണ്ടാകുന്നു. മുമ്പ് വക്കീലന്മാർ ഇത്രയധികം സമ്പാദിച്ചിരുന്നോ. ഇപ്പോൾ എത്രയധികം സമ്പാദിക്കുന്നു.

കുട്ടികൾക്ക് തന്റെ മംഗളത്തിനായി ഒന്നാമതായി, സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കി ബാബയെ യഥാർത്ഥരീതിയിൽ ഓർമ്മിക്കണം രണ്ടാമതായി,ത്രിമൂർത്തി ശിവന്റെ പരിചയം മറ്റുള്ളവർക്കും നൽക

ണം. കേവലം ശിവൻ എന്നു പറഞ്ഞാൽ മനസ്സിലാക്കില്ല. ത്രിമൂർത്തി എന്ന് തീർച്ചയായും പറയണം. മുഖ്യ മായത് രണ്ട് ചിത്രങ്ങളാണ് .ത്രിമൂർത്തിയും, വൃക്ഷവും. ഏണിപ്പടിയിൽ ഉള്ളതിനേക്കാൾ കൂടുതൽ ജ്ഞാനം വൃക്ഷത്തിലുണ്ട്. ഈ ചിത്രം എല്ലാവരുടെ പക്കലും ഉണ്ടായിരിക്കണം. ഒരു ഭാഗത്ത് ത്രിമൂർത്തിയും ഗോളവും, മറുവശത്ത് വൃക്ഷവും. ഇതായിരിക്കണം പാണ്ഢവസേനയുടെ കൊടി. ഡ്രാമയുടേയും വൃക്ഷ ത്തിന്റേയും ജ്ഞാനം ബാബ നൽകുന്നു. ലക്ഷ്മീനാരായണന്മാരും വിഷ്ണുവും ആരാണ്? ഇത് ആരും മനസ്സിലാക്കുന്നില്ല. മഹാലക്ഷ്മിയുടെ പൂജ ചെയ്യുന്നു, ലക്ഷ്മി വരും എന്നു കരുതുന്നു. ഇപ്പോൾ ലക്ഷ്മിയ്ക്ക് ധനം എവിടെനിന്ന് ലഭിക്കും? 4 കൈകൾ ഉള്ളത്, 8 കൈകൾ ഉള്ളത് എന്നിങ്ങനെ എത്ര ചിത്രങ്ങളാണ് നിർമ്മിക്കുന്നത്. എന്നാൽ ഒന്നും മനസ്സിലാക്കുന്നില്ല. 8-10 കൈകളുള്ള മനുഷ്യരൊന്നും ഉണ്ടാകില്ല. ആർക്ക് എന്ത് തോന്നിയോ അതുപോലെ ഉണ്ടാക്കി, അതു തുടർന്നുവന്നു. ആരോ പറഞ്ഞു ഹനുമാന്റെ പൂജ ചെയ്യൂ, അതുമതി അതിന്റെപിറകെ പോകും. സഞ്ജീവനി മരുന്ന് കൊണ്ടുവന്നു... എന്നു കാണിക്കുന്നു അതിന്റേയും അർത്ഥം നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട്. സഞ്ജീവനി മരുന്ന് എന്നത് മന്മനാഭവയാണ്! ചിന്തിക്കണം, ഏതുവരെ ബ്രാഹ്മണനായി മാറുന്നില്ലയോ, ബാബയുടെ പരിചയം ലഭി ക്കുന്നില്ലയോ അതുവരെ കാൽക്കാശിന് വിലയില്ലാത്തവരാണ്. ലക്ഷ്യത്തെക്കുറിച്ച് മനുഷ്യർക്ക് എത്ര അഭിമാനമാണ്. അവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നത് വളരെ ബുദ്ധിമുട്ടാണ്. രാജധാനി സ്ഥാപിക്കുന്ന തിൽ എത്ര പരിശ്രമം വേണ്ടിവരുന്നു. അത് ബാഹുബലമാണ്, ഇത് യോഗബലമാണ്. ഈ കാര്യങ്ങൾ ശാസ്ത്രങ്ങളിലില്ല. വാസ്തവത്തിൽ നിങ്ങൾക്ക് ശാസ്ത്രങ്ങളൊന്നും പരിശോധിക്കേണ്ടതില്ല. അഥവാ നിങ്ങളോട് ചോദിക്കുകയാണ്- നിങ്ങൾ ശാസ്ത്രങ്ങളെ അംഗീകരിക്കുന്നുണ്ടോ? എങ്കിൽ പറയൂ- ഉണ്ട്, ഇതെല്ലാം ഭക്തിമാർഗ്ഗത്തിലേതാണ്. ഇപ്പോൾ ഞങ്ങൾ ജ്ഞാനമാർഗ്ഗത്തിലൂടെയാണ് നടക്കുന്നത്. ജ്ഞാനം നൽകുന്നത് ഒരേയൊരു ജ്ഞാനസാഗരനായ ബാബയാണ്, ഇതിനെ ആത്മീയ ജ്ഞാനം എന്നാണ് പറയു ന്നത്. ആത്മാവ് ഇരുന്ന് ആത്മാക്കൾക്ക് ജ്ഞാനം നൽകുകയാണ്. അവിടെ മനുഷ്യൻ മനുഷ്യർക്ക് നൽകു ന്നു. മനുഷ്യന് ഒരിയ്ക്കലും ആത്മീയ ജ്ഞാനം നൽകാൻ സാധിക്കില്ല. ജ്ഞാനസാഗരനായ പതിത പാവ നൻ, മുക്തി ദായകൻ, സദ്ഗതി ദാതാവ് ഒരേയൊരു ബാബയാണ്.

ബാബ മനസ്സിലാക്കിത്തരുന്നു , ഇന്ന-ഇന്നതെല്ലാം ചെയ്യൂ. ഇപ്പോൾ നോക്കൂ, ശിവജയന്തി എത്ര ഉത്സാഹ ത്തോടെ ആഘോഷിക്കുന്നു. ട്രാൻസ്ലൈറ്റിന്റെ ചിത്രം ചെറുതായാലും ശരി എല്ലാവർക്കും ലഭിക്കണം. നിങ്ങളുടേത് തീർത്തും പുതിയ കാര്യമാണ്. ആർക്കും മനസ്സിലാക്കാൻ സാധിക്കില്ല. വളരെയധികം പത്ര ങ്ങളിൽ വാർത്ത നൽകണം. ശബ്ദം ഉയർത്തണം. സെന്റർ തുറക്കുന്നവരും ഇങ്ങനെയായിരിക്കണം. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അത്രയ്ക്ക് ലഹരി ഉയർന്നിട്ടില്ല. നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് മന സ്സിലാക്കിക്കൊടുക്കുന്നു. ഇത്രയധികം ബ്രഹ്മാകുമാരന്മാരും, കുമാരിമാരുമുണ്ട്. ശരി, ബ്രഹ്മാവിന്റെ പേരുമാറ്റി ആരുടെ പേരുവേണമെങ്കിലും വെച്ചോളൂ. രാധാ- കൃഷ്ണന്റെ പേരു വെച്ചോളൂ. അപ്പോൾ ബ്രഹ്മാകുമാ രന്മാരും കുമാരിമാരും എവിടെ നിന്നാണ് വന്നത്? ബ്രഹ്മാവ് വേണമല്ലോ, എങ്കിലല്ലേ മുഖവംശാവലി യായി ബി.കെ ഉണ്ടാകൂ. കുട്ടികൾ മുന്നോട്ട് പോകവേ കൂടുതൽ മനസ്സിലാക്കും. ചിത്രം വളരെ വ്യക്തമാ ണ്. ലക്ഷ്മീ-നാരായണന്മാരുടെ ചിത്രം വളരെ നല്ലതാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചുകിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും, പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുളള മുഖ്യ സാരം:-

1) കർമ്മാതീതമായി മാറുന്നതിനായി ബാബയെ സൂക്ഷ്മ ബുദ്ധികൊണ്ട് മനസ്സിലാക്കി യഥാർത്ഥ രീതി യിൽ ഓർമ്മിക്കണം. പഠിപ്പിനോടൊപ്പമൊപ്പം യോഗത്തിലും പരിപൂർണ്ണ ശ്രദ്ധ നൽകണം.

2) മായയുടെ ചതിയിൽ നിന്നും സ്വയം രക്ഷപ്പെടണം. ആരുടേയും ദേഹത്തോട് മോഹം വെക്കരുത്. സത്യമായ പ്രീതി ഒരേയൊരു ബാബയോട് വെയ്ക്കണം. ദേഹാഭിമാനത്തിലേയ്ക്ക് വരരുത്.

## വരദാനം-ബ്രഹ്മമുഹൂർത്തസമയത്ത് വരദാനങ്ങൾ എടുക്കുകയും,ദാനം നൽകുകയും ചെയ്യുന്ന ബാബക്കുസമാനമായ വരദാനി,മഹാദാനിയുമായി ഭവിക്കട്ടെ.

ബ്രഹ്മമുഹൂർത്തസമയത്ത് പ്രത്യേകിച്ചും,ബ്രഹ്മലോകനിവാസിയും,ജ്ഞാനസൂര്യനുമായ ബാബ ലൈറ്റി ന്റെയും, മൈറ്റിന്റെയും(ഗുണങ്ങളുടേയും,ശക്തികളുടേയും) കിരണങ്ങൾ കുട്ടികൾക്ക് വരദാനമായി നൽകു

ന്നു.ഒപ്പമൊപ്പം ബ്രഹ്മാബാബയും ഭാഗ്യവിധാതാവിന്റെ രൂപത്തിൽ ഭാഗ്യമാകുന്ന അമൃത് വിതരണം ചെയ്യുന്നു.ബുദ്ധിയാകുന്ന കലശം അമൃത് സ്വീകരിക്കാൻ യോഗ്യമായിരിക്കുക മാത്രമേ വേണ്ടൂ. ഒരുവിധത്തിലുമുള്ള വിഘ്നങ്ങളോ, തടസ്സങ്ങളോ ഉണ്ടാകാതിരിക്കാനും, മുഴുവൻ ദിവസത്തേക്കുമുള്ള ശ്രേഷ്ഠസ്ഥിതിയുടേയും, ശ്രേഷ്ഠകർമ്മത്തിന്റെയും ശ്രേഷ്ഠമായ ശുഭമുഹൂർത്തമാണിത്. എന്തെന്നാൽ അമൃതവേള സമയത്തെ അന്തരീക്ഷം തന്നെ മനോവൃത്തിയെ പരിവർത്തനപ്പെടുത്തുന്നതാണ്.അതിനാൽ ആ സമയം വരദാനങ്ങൾ എടുത്ത് ദാനം ചെയ്യണം അഥവാ ദാനിയും, മഹാദാനിയുമായി മാറണം.

## സ്ലോഗൻ:- ക്രോധിയുടെ ജോലിയാണ് ക്രോധിക്കുക,താങ്കളുടെ ജോലിയാണ് സ്നേഹം നൽകുക

തന്റെ ശക്തിശാലിയായ മനസ്സിലൂടെ സകാശ് നൽകുന്ന സേവനം ചെയ്യൂ..സ്വമംഗളത്തിനുള്ള പ്ളാനുകളിലൂടെ വിശ്വസേവനത്തിനായുള്ള സകാശ് താനെ ലഭിക്കുന്ന വിധത്തിലുള്ള പ്ളാനുകൾ തയാറാക്കൂ.ഞങ്ങൾ ബാബക്ക് സമാനം ആയിത്തീരുകതന്നെ ചെയ്യും എന്ന ഉറച്ച പ്രതിജ്ഞ തന്റെ മനസ്സിൽ ഉൻമേഷത്തോടെയും,ഉൽസാഹത്തോടെയും എടുക്കണം.ബ്രഹ്മാബാബക്കും ഓരോ കുട്ടികളോടും അതിയായ സ്നേഹമുണ്ട്,അതിനാൽ ബാബ ഓരോ കുട്ടികളേയും ഇമർജ് ചെയ്ത് ബാബക്കുസമാനമാക്കുന്നതിനായി സകാശ് നൽകിക്കൊണ്ടിരിക്കുന്നു.